**Publication:** Chandrika
**Date:** 10.10.2015
**Page:**03
**Headline:**Kottayam Mar Baselios Public School wins

# കോട്ടയം മാർ ബസേലിയോസ് പബ്ലിക്ക് സ്കൂൾ ജേതാക്കൾ

കൊച്ചി: ടി സി എസ് ഐടി വിസ് ഇന്റർസ്കൂൾ ക്വിസ് മത്സരത്തിൽ കോട്ടയം മാർ ബസേലിയോസ് പബ്ലിക്ക് സ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥികളായ തോമസ് ജോൺ, തോമസ് ഫിലിപ്പും ജേതാക്കളായി. ചിന്മയ വിദ്യാലയ തൃപ്പൂണിത്തുറയിലെ അദിത്ത് വി മേനോനും ഗൗതം ഹരിലാലിനുമാണ് രണ്ടാം സ്ഥാനം. കലൂർ ഗോകുലം കൺവെൻഷൻ സെന്ററിൽ നടന്ന പരിപാടിയിൽ കേരളത്തിലെ 180 സ്കൂളുകളിൽ നിന്നായി 180 വിദ്യാർത്ഥികൾ പങ്കെടുത്തു. വിജയികൾക്കുള്ള സമ്മാന വിതരണം അഡീഷണൽ ചീഫ് സെക്രട്ടറി വി ജെ കുര്യൻ നിർവഹിച്ചു. ചടങ്ങിൽ ടി സി എസിന്റെ കേരള ഡെലിവറി ഹെഡും വൈസ് പ്രസിഡന്റുമായ ദിനേശ് പി തമ്പിയും പങ്കെടുത്തു.